പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4527

29.06.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

# സാമൂഹിക സാമ്പത്തിക ജാതി സെൻസസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.പി. ജയരാജൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | ഗ്രാമവികസന വകുപ്പ് നടത്തുന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നടത്തുന്നതിന് വിവിധ ജില്ലകളിൽ ഏതെല്ലാം സ്വകാര്യ കമ്പനികൾക്കാണ് പുറംകരാർ നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) | കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണം നടത്തുന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് കേരളത്തിൽ ഗ്രാമവികസന വകുപ്പാണ് കോ-ഓർഡിനേറ്റ് ചെയ്തിരുന്നതെങ്കിലും പ്രധാനമായും എന്യൂമറേറ്റർമാരെയും, സൂപ്പർവൈസർമാരെയും, നിയമിക്കുന്ന ചുമതലയാണ് ഗ്രാമവികസന വകുപ്പിനെ കേന്ദ്രസർക്കാർ ഏല്പിച്ചിട്ടുള്ളത്. സർക്കാർ ഉദ്യോഗസ്ഥരെയും, അദ്ധ്യാപകരെയും നിയമിച്ച് പ്രസ്തുത ജോലി പൂർത്തിയാക്കി വരുന്നു. എന്നാൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും, ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്റർമാരെയും നിയമിക്കാനും മറ്റ് സാങ്കേതിക ജോലികൾ നിർവ്വഹിക്കാനും ഐ.റ്റി.ഐ പാലക്കാടിനെയാണ് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. ഐ.റ്റി.ഐ പാലക്കാട് താഴെപ്പറയുന്ന 3 സേവനദാതാക്കളുമായി ഇക്കാര്യത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>1. സത്യനാരായണ രാജു ആന്റ് കമ്പനി, ഹൈദരാബാദ് (വയനാട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകൾ)<br>2. മദ്രാസ് സെക്യൂരിറ്റി പ്രിന്റേഴ്സ്, ചെന്നൈ (കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകൾ)<br>3. റൂറൽ ഷോർസ്, ബാംഗ്ലൂർ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, |

ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകൾ) സേവനദാതാക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടുളളത് ഐ.റ്റി.ഐ പാലക്കാട് ആണ്. **സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.**

| | | | |
|---|---|---|---|
| ബി) | സേവനദാതാക്കൾ നിയോഗിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കും ഡാറ്റാ ബെയ്സ്ഡ് അഡ്മിനിസ്ട്രേറ്റർമാർക്കും നിശ്ചയിച്ചിട്ടുളള യോഗ്യതാമാനദണ്ഡങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | ബി), | ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ യോഗ്യത പ്ലസ്ടുവും കമ്പ്യൂട്ടർ പരിജ്ഞാനവും. 6 മാസമെങ്കിലും പ്രവൃത്തി പരിചയവും ഇംഗ്ലീഷിലും, മലയാളത്തിലും ടൈപ്പ് ചെയ്യാനുള്ള കഴിവ്. ഡി.ബി.എ. മാരുടെ യോഗ്യത ഡിപ്ലോമ/ബി.ഇ/ബി.ടെക്/എം.സി.എ/ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നിവയിൽ ഏതെങ്കിലും യോഗ്യതയും എം.വൈ.എസ്.ക്യൂ.എൽ/ഡി.എച്ച്.സി.പി. എന്നിവയിൽ 6 മാസം മുതൽ 12 മാസം വരെ പരിചയവും. |
| സി) | സേവനദാതാക്കൾ സർക്കാരുമായി ഉണ്ടാക്കിയ കരാർ ഉടമ്പടി പ്രകാരം ഡി.ഇ.ഒ/ഡി.ബി.എ മാരുടെ പ്രതിഫല നിരക്ക് എത്ര; വ്യക്തമാക്കുമോ; | സി), | സേവനദാതാക്കൾ ഐ.ടി.ഐ. പാലക്കാടുമായിട്ടാണ് കരാർ ഏർപ്പെട്ടത്. സേവനദാതാക്കൾ സർക്കാരുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ല. |
| ഡി) | കരാർ ഉടമ്പടി പ്രകാരം വാങ്ങുന്ന പ്രതിഫലം അതേ നിരക്കിൽ ഡി.ഇ.ഒ/ഡി.ബി.എ മാർക്ക് സേവന ദാതാക്കൾ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി), | |
| ഇ) | പ്രസ്തുത വിഭാഗക്കാർക്ക് അർഹമായ പ്രതിഫലം നൽകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വകാര്യ കമ്പനികളുമായി കരാറിൽ ഏർപ്പെട്ട പാലക്കാട് ഐ.ടി.ഐ. യ്ക്ക് നിർദ്ദേശം നൽകുമോ ; | ഇ), | കർശ്ശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| എഫ്) | സേവനദാതാക്കൾ നൽകിയ കരാർ ഉടമ്പടി പ്രകാരം സബ് കോൺട്രാക്റ്റ് നൽകരുതെന്ന് നിയമമായ വ്യവസ്ഥയുണ്ടായിട്ടും ഡി.ഇ.ഒ/ ഡി.ബി.എ മാരുടെ നിയമനത്തിൽ സ്വകാര്യ കമ്പനികൾ സബ് കോൺട്രാക്റ്റ് കൊടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എഫ്) | സേവനദാതാക്കൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ജ) | ഉണ്ടെങ്കിൽ കരാർ ഉടമ്പടി വ്യവസ്ഥകൾ ലംഘിച്ചതിന് എന്ത് നടപടി. സ്വീകരിച്ചു; വ്യക്തമാക്കുമോ ? | ജി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ